**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2750** | **13-02-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ** | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** |

(എ) പാലക്കാട് ജില്ലയിൽ എത്ര ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകളാണ് ഉള്ളത്; വിശദവിവരം ലഭ്യമാക്കാമോ;

(എ) പാലക്കാട് ജില്ലയിൽ കുറ്റനാട്, നെന്മാറ, വടക്കാഞ്ചേരി, ചിറ്റൂർ, ഷൊർണ്ണൂർ എന്നിവിടങ്ങളിലായി 5 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമേ, പാലക്കാട് ജില്ലയിലെ ആലത്തൂർ മണ്ഡലത്തിൽ 6, ചിറ്റൂർ മണ്ഡലത്തിൽ 9, കോങ്ങാട് മണ്ഡലത്തിൽ 6, മലമ്പുഴ മണ്ഡലത്തിൽ 7, നെന്മാറ മണ്ഡലത്തിൽ 6, പാലക്കാട് മണ്ഡലത്തിൽ 10, തരൂർ മണ്ഡലത്തിൽ 5, മണ്ണാർക്കാട് മണ്ഡലത്തിൽ 5, ഒറ്റപ്പാലം മണ്ഡലത്തിൽ 7, പട്ടാമ്പി മണ്ഡലത്തിൽ 9, ഷൊർണ്ണൂർ മണ്ഡലത്തിൽ 10, തൃത്താല മണ്ഡലത്തിൽ 8 എന്നിങ്ങനെ പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ കെ.എസ്.ഇ.ബി.എൽ സ്ഥാപിച്ചിട്ടുണ്ട്. (മൊത്തം പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റ് - 88).

ഇവ കൂടാതെ ജില്ലയിൽ ഇരുപത്തഞ്ചോളം കെ.എസ്.ഇ.ബി.എൽ ഇതര ചാർജ്ജിംഗ് സ്റ്റേഷനുകളും നിലവിലുണ്ട്.

പാലക്കാട് ജില്ലയിൽ നിലവിൽ അനേർട്ട് മുഖേന സ്ഥാപിച്ച 3 ചാർജിംഗ് സ്റ്റേഷനുകളും ഒരു സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനും ഉണ്ട്.

| **Sl.No** | **District** | **Details of Location** |
|---|---|---|
| 1 | Palakkad | Kanjirapuzha Dam Gardens, Irrigation Department Palakkad |
| 2 | Palakkad | Kulapully Bus Stand, Shornur |
| 3 | Palakkad | Chittur-Thathamangalam Muncipality Compound |
| 4 | Palakkad **(Solar Powered** | Metal Industries, Shornur |

| | | | |
|---|---|---|---|
| | | | **Charging Station)** |
| (ബി) | ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് ചാർജ്ജിംഗ് മെഷീന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സംരംഭകർ നിലവിൽ പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ഇലക്ട്രിക് കാറുകളുടെ വ്യാപനം കൂടിയതോടെ ദേശീയപാത, MC റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ ഓരോ 25 കിലോമീറ്ററിലും DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ആവശ്യമായി വന്നിട്ടുണ്ട്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഹോട്ടലുകൾ, റസ്റ്റാറന്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് തുടങ്ങി കഴിഞ്ഞു.<br><br>ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിന് 30-60 മിനിറ്റ് സമയം വേണ്ടി വരുന്നതിനാൽ കഫറ്റീരിയ, വാഷ് റൂം മുതലായ സൗകര്യങ്ങളുള്ള സ്ഥലങ്ങളാണ് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾക്ക് അനുയോജ്യമായിട്ടുള്ളത്. കുറഞ്ഞത് 25/30 kW ശേഷി മുതലുള്ള ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ സബ്സിഡിയായി ലഭിക്കുന്നതാണ്. കൂടാതെ നിഴൽ രഹിതമായി നേരിട്ട് സൂര്യപ്രകാശം ലഭ്യമാകുന്ന സ്ഥലം ലഭ്യമായിട്ടുള്ള ഹോട്ടലുകളിൽ ചാർജിംഗ് സ്റ്റേഷനോടൊപ്പം സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ ഒരു കിലോവാട്ടിന് Rs.20000/- എന്ന കണക്കിൽ പരമാവധി 50 kW സൗരോർജ്ജ സംവിധാനത്തിന് 10 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു. |

സെക്ഷൻ ഓഫീസർ